# PSC Lower Division Clerk - Ex - Servicemen Only - Ncc / Sainik Welfare - Tsr Dist Examination Previous Year Question Paper

***Exam Name:*** *Lower Division Clerk - Ex - Servicemen Only - Ncc / Sainik Welfare - Tsr Dist*

***Date of Test : 06.01.2015***

***Question Paper Code: 003/2015***

***Medium of Questions: Malayalam***

PSCNET.in

# 3/2015 - M

1. കേരളത്തിന്റെ സംസ്ഥാന മത്സ്യം എന്ന പദവി ലഭിച്ച കരിമീൻ ഇന്ത്യയിലല്ലാതെ ലോകത്ത് വേറെ ഏതു രാജ്യത്താണ് കാണപ്പെടുന്നത് ?
   (A) പാകിസ്ഥാൻ (B) ശ്രീലങ്ക (C) പെറു (D) നെതർലാന്റ്

2. ഇന്ത്യയുടെ ഇപ്പോഴത്തെ മുഖ്യ വിവരാവകാശകമ്മീഷണർ ആര് ?
   (A) ദീപക് സിന്ധു (B) ഫാത്തിമാബീവി
   (C) സുഷമസിംഗ് (D) അരുണബഹുഗുണ

3. ഇന്ത്യയിലെ ഒരു നദിയുടെ അഞ്ച് പോഷക നദികൾ ചേർന്നാണ് പഞ്ചാബിന് ആ പേര് ലഭിച്ചത്. ഏത് നദിയാണ് അത് ?
   (A) ഗോദാവരി (B) ഗംഗ (C) നർമ്മദ (D) സിന്ധു

4. ടെലിഫോൺ ലൈനുകളോ മൊബൈൽ കണക്ടിവിറ്റിയോ ഇല്ലാത്ത വിദൂര പ്രദേശങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ സാധ്യമാക്കാൻ നടത്തിയ പരീക്ഷണം ഏത് പേരിൽ അറിയപ്പെടുന്നു ?
   (A) പ്രോജക്റ്റ് ലൂൺ (B) ഗൂഗിൾ-10
   (C) മോസില്ല ഫയർഫോക്സ് (D) ഗൂഗിൾ ക്രോം

5. അഞ്ചുവർഷം കൂടി ജീവിതകാലയളവ് നീട്ടിക്കിട്ടും എന്ന അവകാശത്തോടെ ലോകത്ത് ആദ്യമായി "കൃത്രിമ ഹൃദയം" വച്ചുപിടിപ്പിക്കൽ ശസ്ത്രക്രിയ നടന്നു. ഇതെവിടെയാണ് ?
   (A) ഇംഗ്ലണ്ട് (B) ഫ്രാൻസ് (C) അമേരിക്ക (D) ചൈന

6. INS വിക്രാന്തിന്റെ നിർമ്മാണത്തോടെ സ്വന്തമായി വിമാനവാഹിനി രൂപകല്പന ചെയ്ത് നിർമ്മിക്കുന്ന രാജ്യങ്ങളിൽ എത്രാം സ്ഥാനമാണ് ഇന്ത്യക്ക് ലഭിക്കുന്നത് ?
   (A) 6-ാം സ്ഥാനം (B) 5-ാം സ്ഥാനം (C) 4-ാം സ്ഥാനം (D) 7-ാം സ്ഥാനം

7. 2009-ൽ ഓസ്കാർ അവാർഡ്, 2010-ൽ ഗ്രാമി അവാർഡ് എന്നിവ ലഭിച്ച ഇന്ത്യയുടെ വിശ്രുതകവിയും ഗാനരചയിതാവും ചലച്ചിത്ര സംവിധായകനുമായ ഈ വ്യക്തിക്ക് 2013-ലെ ദാദാ സാഹേബ് ഫാൽകെ അവാർഡ് ലഭിച്ചു. ഈ വ്യക്തി ആര് ?
   (A) പ്രാൺ (B) മന്നാ ഡെ (C) ഗുൽസാർ (D) സത്യജിത്റേ

8. ഭൂമിയുടെ ധ്രുവ പ്രദേശങ്ങളിൽ രാത്രികാലത്ത് ആകാശത്ത് ദൃശ്യമാവുന്ന വർണ്ണക്കാഴ്ചകളാണ് ധ്രുവദീപ്തി. ഈ പ്രതിഭാസം അന്തരീക്ഷത്തിലെ ഏത് പാളിയിലാണ് കാണപ്പെടുന്നത് ?
   (A) സ്ട്രാറ്റോസ്ഫിയർ (B) തെർമോസ്ഫിയർ
   (C) ട്രോപ്പോസ്ഫിയർ (D) മിസോസ്ഫിയർ

9. ഇന്ത്യയുടെ പുരോഗതിയിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നത് ഇരുമ്പുരുക്ക് വ്യവസായമാണ്. ഏഷ്യയിലെ തന്നെ ആദ്യത്തെ ഇരുമ്പുരുക്കു വ്യവസായ ശാല 1907-ൽ ഇന്ത്യയിൽ സ്ഥാപിതമായി. എവിടെയാണ് അത് ?

(A) ഭിലായ് (B) ജംഷഡ്പൂർ (C) ദുർഗ്ഗാപൂർ (D) റൂർക്കേല

10. "വിക്രമാദിത്യൻ" എന്ന സ്ഥനപ്പേര് സ്വികരിച്ച ഗുപ്തരാജാവ് ആര് ?

(A) സമുദ്രഗുപ്തൻ (B) ചന്ദ്രഗുപ്തൻ ഒന്നാമൻ

(C) ഹരിസേനൻ (D) ചന്ദ്രഗുപ്തൻ രണ്ടാമൻ

11. "1926-റോയൽ കമ്മീഷൻ ഓഫ് ഇന്ത്യൻ കറൻസി ആൻഡ് ഫിനാൻസ്" പ്രകാരം നിലവിൽ വന്ന റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്ത്യാക്കാരനായ ആദ്യത്തെ ഗവർണർ ആര് ?

(A) എച്ച്.വി.ആർ. അയ്യങ്കാർ (B) പി.സി. ഭട്ടാചാര്യ

(C) സർ.സി.ഡി. ദേശ്മുഖ് (D) ബി.എൻ. അഡാർക്കർ

12. 18-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലും ലോകത്താകമാനവും വ്യാവസായിക് വിപ്ലവം സൃഷ്ടിക്കുന്നതിൽ ഈ യന്ത്രം കാരണമായി. ഏതായിരുന്നു ഈ യന്ത്രം ?

(A) ന്യൂകാമന്റെ ആവിയന്ത്രം (B) കാറ്റാടിയന്ത്രം

(C) ആവിയന്ത്രം (D) ബൾട്ടൻ വാട്ട് യന്ത്രം

13. ഡയമണ്ട് ഉത്പാദിപ്പിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം ഏത് ?

(A) മധ്യപ്രദേശ് (B) അരുണാചൽപ്രദേശ്

(C) ആന്ധ്രപ്രദേശ് (D) ഉത്തർപ്രദേശ്

14. മേഘങ്ങളെക്കുറിച്ചുള്ള പഠനം മാത്രം ലക്ഷ്യമാക്കിക്കൊണ്ട് ഇന്ത്യയിലെ ആദ്യത്തെ പരീക്ഷണശാല സ്ഥാപിച്ചത് എവിടെ ?

(A) മുംബൈയിലെ ദാദർ

(B) ഹൈദരാബാദ്

(C) മഹാരാഷ്ട്രയിലെ മഹാബലേശ്വരം

(D) കർണ്ണാടകയിലെ ബന്ദിപ്പൂർ

15. വടക്കു പടിഞ്ഞാറൻ പസഫിക് സമുദ്രത്തിനടിയിൽ ജപ്പാനിൽ നിന്ന് കിഴക്ക് മാറി ലോകത്തിലെ ഏറ്റവും വലിയ അഗ്നിപർവ്വതം കണ്ടെത്തി. ഈ അഗ്നി പർവ്വതത്തിന്റെ പേരെന്ത് ?

(A) താമുമാസിഫ് (B) ഒളിംബസ്മോൺസ്

(C) ബാരൻ (D) മൗണ്ട് എറ്റ്ന

16. താഴെ പറയുന്നവയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് അല്ലാത്തത് ഏത് ?

(A) സൗരോർജ്ജം (B) തിരമാലകളിൽ നിന്നുള്ള ഊർജ്ജം

(C) കൽക്കരി (D) ഭൂമിയിൽ നിന്നുള്ള താപം

17. സൂര്യഗ്രഹണ സമയത്ത് സൂര്യൻ, ഭൂമി, ചന്ദ്രൻ ഇവ നേർ രേഖയിൽ ഏത് സ്ഥാനങ്ങളിൽ ആയിരിക്കും ?

(A) സൂര്യൻ - ഭൂമി - ചന്ദ്രൻ (B) സൂര്യൻ - ചന്ദ്രൻ - ഭൂമി

(C) ഭൂമി - സൂര്യൻ - ചന്ദ്രൻ (D) ചന്ദ്രൻ - സൂര്യൻ - ഭൂമി

18. ഭൂമിശാസ്ത്രപരമായി കുട്ടനാട് ആറ് ഭാഗങ്ങളുള്ളതിൽ നിലവിൽ ഉപ്പുവെള്ളം കയറുന്ന സ്ഥലം ഏത് ?

(A) ലോവർ കുട്ടനാട് (B) പുറക്കാട് കരി

(C) വൈക്കം (D) അപ്പർകുട്ടനാട്

19. ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ ഏറ്റവും രക്തരൂഷിതമായ സംഭവം എന്ന് വിശേഷിപ്പിക്കുന്ന "ജാലിയൻവാലാബാഗ് കൂട്ടക്കൊല" ഏത് നിയമം നടപ്പിലാക്കിയതിനെ തുടർന്ന് ഉണ്ടായതാണ് ?

(A) റൗലറ്റ് ആക്ട് (B) ഇന്ത്യൻ ആക്ട്

(C) നിസ്സഹകരണ പ്രസ്ഥാനം (D) ക്രിപ്സ് മിഷൻ

20. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഏറ്റവും കൂടുതൽ ദിവസം താമസം, ഏറ്റവും കൂടുതൽ കാലം ബഹിരാകാശത്ത് നടത്തം, ബഹിരാകാശത്ത് വെച്ച് മാരത്തോണിൽ പങ്കെടുത്ത ആദ്യവ്യക്തി എന്നീ ബഹുമതികൾ നേടിയ ബഹിരാകാശ സഞ്ചാരി ആര് ?

(A) അനൗഷ അൻസാരി (B) കൽപന ചൗള

(C) വാലന്റീന തെരഷ്കോവ (D) സുനിത വില്യംസ്

21. ജനങ്ങളുടെ നിക്ഷേപം സ്വീകരിച്ചുകൊണ്ട് ജനപങ്കാളിത്തത്തോടെ നിർമ്മിച്ച ഇന്ത്യയിലെ ആദ്യത്തെ വിമാനത്താവളം ഏത് ?

(A) ഛത്രപതി ശിവാജി അന്താരാഷ്ട്ര വിമാനത്താവളം

(B) ബംഗലുരു അന്തരാഷ്ട്ര വിമാനത്താവളം

(C) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം

(D) സുഭാഷ് ചന്ദ്രബോസ് അന്താരാഷ്ട്ര വിമാനത്താവളം

22. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വികേന്ദ്രീകൃത ആസൂത്രണത്തിന് നേതൃത്വം നൽകുന്ന ത്രിതല പഞ്ചായത്ത് സംവിധാനമായ 'പഞ്ചായത്തീരാജ്' സംവിധാനത്തിന് തുടക്കമിട്ടത് ആര് ?

(A) ഇന്ദിരാഗാന്ധി (B) രാജീവ്ഗാന്ധി

(C) ഐ.കെ. ഗുജ്റാൾ (D) ലാൽബഹദൂർ ശാസ്ത്രി

23. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളെക്കുറിച്ച് ഭരണ ഘടനയുടെ ഏത് വകുപ്പിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ?

(A) 308 മുതൽ 323 വരെ വകുപ്പുകൾ

(B) 162 മുതൽ 237 വരെ വകുപ്പുകൾ

(C) 330 മുതൽ 342 വരെ വകുപ്പുകൾ

(D) 244 ഉം 244-എ -യും വകുപ്പുകൾ

24. കേരളത്തിലെ ഏറ്റവും വലിയ കോട്ടയായ ബേക്കൽകോട്ട നിർമ്മിച്ചത് ആരാണെന്ന് കരുതപ്പെടുന്നു ?

(A) ഹൈദരലി (B) ശിവപ്പനായ്ക്കൻ

(C) പോർട്ടുഗീസുകാർ (D) ബ്രിട്ടീഷുകാർ

25. ഇന്ത്യയിൽ ധാതുവിഭവങ്ങൾ അധികവും കേന്ദ്രീകരിച്ചിരിക്കുന്നത് ഏത് ഭൂപ്രകൃതി വിഭാഗത്തിലാണ് ?

(A) ഉത്തരപർവ്വതമേഖല (B) ഉപദ്വീപീയ പീഠഭൂമി

(C) ഉത്തരമഹാസമതലം (D) തീരസമതലം

26. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തിൽ ആരംഭിച്ചത് ഇന്ത്യയുടെ എത്രാമത്തെ പഞ്ചവത്സര പദ്ധതിയാണ് ?

(A) 9-ാം പദ്ധതി (B) 7-ാം പദ്ധതി (C) 8-ാം പദ്ധതി (D) 10-ാം പദ്ധതി

27. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും അനീതിയും ഏറ്റവും കൂടുതലായി കാണപ്പെടുന്ന നഗരത്തിലാണ് ഇന്ത്യയിലെ ആദ്യത്തെ വനിതാകോടതി സ്ഥാപിച്ചത്. ഏതാണ് ആ നഗരം ?

(A) കൊൽക്കത്ത (B) കൃഷ്ണ നഗർ (C) മാൾഡ (D) മിഡ്നാപ്പൂർ

28. താഴെ കൊടുത്തിരിക്കുന്നവരിൽ ആരാണ് ലോകത്തിലെ ഏറ്റവും വലിയ ധനവാനായി 2014-ൽ തെരഞ്ഞെടുക്കപ്പെട്ടത് ?

(A) ലക്ഷ്മിമിത്തൽ (B) കാർലോസ് സ്ലിം

(C) മുകേഷ് അംബാനി (D) ബിൽ ഗേറ്റ്സ്

29. ഇന്ത്യയുടെ നൂറാമത്തെ ബഹിരാകാശ ദൗത്യം :

(A) GSAT-10 (B) PSLV-21 (C) GSAT-1 (D) GSLV

30. 1847-ൽ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് തിരുവിതാംകൂറിലെ ആദ്യത്തെ പോസ്റ്റോഫീസ് സ്ഥാപിച്ചു. എവിടെയാണത്?

(A) കൊല്ലം (B) ആലപ്പുഴ (C) കോട്ടയം (D) കൊച്ചി

31. സൂര്യബിംബത്തിന്റെ മുന്നിലൂടെ ശുക്രനും ബുധനും കടന്നുപോകുന്നതിനെ സംതരണം എന്ന് പറയുന്നു. 243 വർഷത്തിനിടയിൽ 4 ശുക്രസംതരണമാണ് നടന്നത്. ഈയടുത്തകാലത്ത് ഈ പ്രതിഭാസം നാം കാണാനിടയായി. എന്നാണത് ?

(A) 2012 ജൂലൈ 26 (B) 2012 ജൂലൈ 8 (C) 2012 ജൂൺ 6 (D) 2012 ജൂൺ 20

32. ഇന്ത്യയിൽ ആദ്യമായി പീരങ്കിപ്പട ഉപയോഗിച്ച മുഗൾരാജാവ് ആര് ?

(A) അക്ബർ (B) ജഹാംഗീർ (C) ഹുമയൂൺ (D) ബാബർ

33. പാവപ്പെട്ട കുടുംബങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷണ സാധനം എത്തിക്കുക എന്ന ലക്ഷ്യത്തോടെ 2000 ഡിസംബർ 25 -നു ആരംഭിച്ച കേന്ദ്ര-സംസ്ഥാന പദ്ധതി ഏത് ?

(A) അന്നപൂർണ്ണയോജന

(B) പ്രധാനമന്ത്രി ഗ്രാമസഡക്‌യോജന

(C) അന്ത്യോദയ അന്നപൂർണ്ണയോജന

(D) പ്രധാനമന്ത്രി ഗ്രാമയോജന

34. ഹരിതഗൃഹപ്രഭാവത്തിന് കാരണമാവുന്ന പ്രധാന വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാൻ ഉണ്ടാക്കിയ ഉടമ്പടി ഏത് ?

(A) ക്യോട്ടോ പ്രോട്ടോകോൾ (B) ഗ്രീൻ പീസ്

(C) റോട്ടർഡാം ഉടമ്പടി (D) സ്റ്റോക്ക്ഹോം ഉടമ്പടി

35. "പ്ലാൻഡ് ഇക്കോണമി ഫോർ ഇന്ത്യ" എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഈ മഹത്‌വ്യക്തി ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു. ആരാണീ വ്യക്തി ?

(A) അശോക് മേത്ത (B) എം. വിശ്വേശ്വരയ്യ

(C) ഡോ. ഡി.ആർ. ഗാഡ്ഗിൽ (D) വി.ടി. കൃഷ്ണമാചാരി

36. പുരാതന ഇന്ത്യയിലെ രണ്ട് സർവ്വകലാശാലകളായ നളന്ദ, തക്ഷശില എന്നിവ ഇന്ത്യയെ അക്കാലത്ത് അറിവിന്റെ ലോകോത്തരപദവിയിൽ എത്തിച്ചു. നിലവിൽ ഇത് ഏത് സംസ്ഥാനത്തിന്റെ ഭാഗമാണ് ?

(A) ഹരിയാന (B) കർണ്ണാടക (C) മഹാരാഷ്ട്ര (D) ബീഹാർ

37. മദ്ധ്യകാല കേരളത്തിൽ താഴ്ന്ന ജാതിക്കാർക്ക് മാത്രം നല്കിയിരുന്ന ശിക്ഷയായിരുന്നു ശരീരത്തിലൂടെ ഇരുമ്പുപാര അടിച്ചുകയറ്റി ദിവസങ്ങളോളം മരത്തിൽ കെട്ടിയിട്ട് കൊല്ലുക എന്നത്. ഈ ശിക്ഷ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് ?

(A) തൂക്കുപരീക്ഷ (B) ചിത്രവധം (C) വിഷപരീക്ഷ (D) വിധികല്പിതവധം

38. 2013 ജൂൺ 1 -ന് ഭൂമിയിൽ നിന്ന് 58 ലക്ഷം കിലോമീറ്റർ ദൂരത്തൂടെ ഒരു ഛിന്നഗ്രഹം കടന്നുപോയി ഏതാണ് ആ ഗ്രഹം ?

(A) 1998 QE - 2 (B) ഓറിയോൺ (C) HE 1523 - 0901 (D) സിറിസ്

39. ഗുജറാത്തിലെ താപ്തി നദി മുതൽ കന്യാകുമാരിവരെ വ്യാപിച്ചു കിടക്കുന്ന പശ്ചിമഘട്ടം ശ്രീലങ്കവരെ നീണ്ടു കിടന്ന ഒന്നായിരുന്നു. സമുദ്രത്താൽ വേർപിരിഞ്ഞ ഈ ഭൂപ്രദേശങ്ങളിലെ ജീവി വർഗ്ഗങ്ങൾ തമ്മിൽ സാമ്യമുണ്ട്. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഈ പക്ഷി :

(A) മഞ്ഞചിന്നൻ
(B) കാട്ടുനീലി
(C) മാക്കാച്ചിക്കാട
(D) മലമുഴക്കിവേഴാമ്പൽ

40. 20000 വീടുകൾക്ക് വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ ലോകത്തിലെ ഏറ്റവും വലിയ സൗരോർജ്ജ നിലയമായ 'ഷംസ്-1' പ്രവർത്തനമാരംഭിച്ചത് ഏത് രാജ്യത്താണ് ?

(A) ഇറാൻ
(B) യുണൈറ്റഡ് അറബ് എമിറേറ്റ്സ്
(C) കുവൈറ്റ്
(D) ഒമാൻ

41. ഇന്ത്യയുടെ ദേശീയ വരുമാനത്തിലേക്ക് 40% -ത്തോളം സംഭാവന ചെയ്യുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?

(A) ഉത്തർപ്രദേശ്
(B) മദ്ധ്യപ്രദേശ്
(C) പഞ്ചാബ്
(D) മഹാരാഷ്ട്ര

42. ഇന്ത്യയിലെ രണ്ട് സംസ്ഥാനങ്ങളുടെ തലസ്ഥാനമായ ഈ കേന്ദ്രഭരണ പ്രദേശം സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ആസൂത്രിത നഗരവുമാണ്. ഏതാണ് ഈ നഗരം ?

(A) ചണ്ഡിഗഢ്
(B) ലക്ഷദ്വീപ്
(C) ആൻഡമാൻ നിക്കോബാർ
(D) പുതുച്ചേരി

43. സൂര്യ പ്രകാശത്തിൽ നിന്നും നേരിട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്ന സാങ്കേതിക വിദ്യ ഏത്?

(A) ഫോട്ടോ ഇലക്ട്രോളിസിസം
(B) സൂര്യപാനൽ
(C) ഫോട്ടോവോൾട്ടായിക്
(D) ഫോട്ടോ ഇലക്ട്രിക് സെൽ

44. ഏഷ്യയിലെ ഒരേയൊരു നാവിക - വൈമാനിക മ്യൂസിയം സ്ഥിതിചെയ്യുന്നത് എവിടെ ?

(A) ഗുജറാത്ത്
(B) ഗോവ
(C) കൊൽക്കത്ത
(D) വിശാഖപട്ടണം

45. താഴെ പറയുന്നവയിൽ 1857 -ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ കാരണങ്ങളിൽ പെടാത്തത് ഏത് ?

(A) ദത്തവകാശ നിരോധന നയം
(B) നാനാസാഹിബിന് പെൻഷൻ നിഷേധിച്ചത്
(C) റൗലറ്റ് നിയമം
(D) അമിതമായ നികുതി ചുമത്തൽ

46. "ദി സീക്രട്ട് ഡയറി ഓഫ് അഡ്രിയൻ മോൾ ഏജ്ഡ് 13/14 " എന്ന ഹാസ്യകൃതിയിലൂടെ പ്രശസ്തയായ ബ്രിട്ടീഷ് ജനപ്രിയ എഴുത്തുകാരി ഈയിടെ അന്തരിച്ചു. അവരുടെ പേരെന്ത് ?

(A) സുടൌൺ സെൻഡ്
(B) ആലിസ്മൺറോ
(C) റൂത്ത്പ്രവർജബാവാല
(D) എലീനർ കാറ്റൺ

47. മണിപ്പൂർ പട്ടാളത്തിന്റെ പ്രത്യേക അധികാര നിയമമായ "അഫ്സ്പ" വിവേചന രഹിതമായി പ്രയോഗിക്കുന്നതിനെതിരെ 14 വർഷമായി നിരാഹാരം അനുഷ്ഠിക്കുന്നു മനുഷ്യാവകാശ പ്രവർത്തക ആര് ?

(A) മേധാപട്കർ
(B) ഇറോം ഷാനു ഷർമ്മിള
(C) ആങ്സാൻ സ്യൂചി
(D) മനേക ഗാന്ധി

48. ചൊവ്വയുടെ ഉപരിതലത്തിൽ റേബ്രാൻഡ്ബറി ലാൻഡിംഗ് സൈറ്റ് എന്ന സ്ഥലത്ത് ഇറങ്ങിയ നാസയുടെ വാഹനം ഏത് ?

(A) മാവെൻ
(B) പാത്ത്ഫൈൻഡർ
(C) ക്യൂരിയോസിറ്റി
(D) ഡിസ്കവറി

49. നിസ്സഹകരണ പ്രസ്ഥാനത്തിന് ഔദ്യോഗികമായി അംഗീകാരം നൽകിയ കോൺഗ്രസ്സ് സമ്മേളനം ഏത് ?

(A) നാഗ്പൂർ കോൺഗ്രസ്സ് സമ്മേളനം
(B) സൂറത്ത് കോൺഗ്രസ്സ് സമ്മേളനം
(C) ലഹോർ സമ്മേളനം
(D) ലഖ്നൗ കോൺഗ്രസ്സ് സമ്മേളനം

50. ഊർജ്ജ വാഹികളായ കണങ്ങൾ ഉൾക്കൊള്ളുന്നതും ബഹിരാകാശത്തു നിന്നു വരുന്നതുമായ വികിരണം ഏതാണ് ?

(A) അൾട്രാവയലറ്റ് രശ്മി
(B) ഗാമാരശ്മി
(C) കോസ്മിക് രശ്മി
(D) ഇൻഫ്രാറെഡ് വികിരണം

51. ഇന്ത്യയിലെ ആദ്യത്തെ ലൈഫ് ഇൻഷ്വറൻസ് സ്ഥാപനം ഏത് ?

(A) ഓറിയന്റൽ ലൈഫ് ഇൻഷ്വറൻസ് കമ്പനി
(B) ബോംബെ മ്യൂച്ചൽ ലൈഫ് അഷ്വറൻസ് സൊസൈറ്റി
(C) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ
(D) ഹിന്ദുസ്ഥാൻ കോ - ഓപ്പറേറ്റീവ് ഇൻഷ്വറൻസ് കമ്പനി

52. ഇന്ത്യ-പാക് വിഭജനത്തിനുശേഷം ഇന്ത്യയിലുണ്ടായിരുന്ന 555 -ഓളം നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാൻ വേണ്ടി ആരംഭിച്ച പദ്ധതി ഏത് ?

(A) മൗണ്ട് ബാറ്റൻ പദ്ധതി
(B) ബോംബെ പദ്ധതി
(C) വി.പി. മേനോൻ പദ്ധതി
(D) സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റൽ പദ്ധതി

53. നദികളില്ലാത്ത ഇന്ത്യയുടെ കേന്ദ്രഭരണ പ്രദേശം ഏത് ?

(A) ദാദ്രാ-നാഗർഹവേലി
(B) ലക്ഷദ്വീപ്
(C) പുതുച്ചേരി
(D) ചണ്ഡിഗഢ്

54. ഇന്ത്യയുടെ പത്താം പഞ്ചവത്സര പദ്ധതിയിൽ സ്ത്രീ ശാക്തീകരണമാണ് മുഖ്യവിഷയമായി എടുത്തിരിക്കുന്നത്. ഇതിന് കാരണം എന്ത് ?

(A) 2001-ലെ വേൾഡ് ബാങ്ക് റിപ്പോർട്ട്

(B) 2001-ലെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഡേറ്റ

(C) 2001-ലെ ധനകാര്യ രേഖ

(D) ഐക്യരാഷ്ട്ര സഭയുടെ 2001-ലെ വികസന റിപ്പോർട്ട്

55. ഇന്ത്യയുടെ വിദേശനയത്തിന്റെ അടിത്തറ എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

(A) ചേരിചേരാനയം
(B) പഞ്ചശീലതത്ത്വങ്ങൾ
(C) ആസിയാൻകരാർ
(D) സാർക്

56. ബഹിരാകാശ യാത്രികർ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ പച്ചക്കറി കൃഷി നടത്തി വിളവെടുത്തു. പച്ചക്കറി കൃഷി ചെയ്ത ഹരിതഗൃഹത്തിന്റെ പേരെന്ത്?

(A) ലാഡ
(B) സ്പെയ്സ് ക്യാപ്സ്യൂൾ
(C) ജിയോ സാറ്റലൈറ്റ്
(D) മെറ്റ്സാറ്റ്

57. കാറ്റാടിയന്ത്രങ്ങൾ വൻതോതിൽ ഉപയോഗിച്ച് വ്യാപകമായി വൈദ്യുതി ഉല്പാദിപ്പിക്കുന്ന രാജ്യം ഏത് ?

(A) ബ്രസീൽ (B) ഉറുഗ്വേ (C) നെതർലാന്റ് (D) ഹോളണ്ട്

58. ഈ അന്തരീക്ഷ പ്രതിഭാസത്തെ "ഇന്ത്യയുടെ യഥാർത്ഥ ധനമന്ത്രി" എന്ന് വിശേഷിപ്പിക്കാം. ഏത് പ്രതിഭാസത്തെ?

(A) ലൂ
(B) മൺസൂൺ കാറ്റുകൾ
(C) മഴ
(D) നദികൾ

59. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഇന്ത്യ നല്കുന്ന ഏറ്റവും ഉയർന്ന പുരസ്കാരം ഏത് ?

(A) മൂർത്തി ദേവി അവാർഡ്
(B) മെർലിൻ പുരസ്കാരം
(C) ധന്വന്തരി അവാർഡ്
(D) പര്യാവരൺ മിത്ര ദേശീയ അവാർഡ്

60. മനുഷ്യൻ വിജയകരമായി വിക്ഷേപിച്ച ആദ്യത്തെ കൃത്രിമ ഉപഗ്രഹം ഏത് ?

(A) എക്സ്പ്ലോറർ 1 (B) വിനോ 1 (C) സ്പുട്നിക് 1 (D) സല്യൂട്ട് 1

61. 7, 15, 23, ________ എന്ന ശ്രേണിയിലെ പദമാകാൻ സാധ്യതയില്ലാത്തത് ഏത് ?

(A) 103 (B) 87 (C) 71 (D) 64

62. '+' ഗുണനത്തേയും '×' സങ്കലനത്തേയും ':' വ്യവകലനത്തേയും '−' ഹരണത്തേയും സൂചിപ്പിക്കുന്നുവെങ്കിൽ $(28+10\times40)-8:3=$ എത്ര ?

(A) 37 (B) 140 (C) 64 (D) 39

63. $\frac{(1.75)^2-(0.25)^2}{(1.75-0.25)}$ = എത്ര ?

(A) 3.75 (B) 2 (C) 2.75 (D) 4.25

64. 12 സെന്റി മീറ്റർ ആരമുള്ള ഒരു വൃത്തത്തിൽ നിന്ന് 72° കോണളവുള്ള ഒരു വൃത്താംശം (sector) വെട്ടിയെടുത്ത് ഒരു വൃത്തസ്തൂപികയുണ്ടാക്കുന്നുവെങ്കിൽ വൃത്തസ്തൂപികയുടെ ചരിവുയരം എന്ത് ?

(A) 6 (B) 72 (C) 12 (D) 2

65. ഒരു കച്ചവടക്കാരൻ ഒരു സാധനത്തിന്റെ വില 10% വർദ്ധിപ്പിച്ച് 10% ഡിസ്കൗണ്ടിൽ വില്ക്കുന്നു. എങ്കിൽ സാധനത്തിന്റെ ഇപ്പോഴത്തെ വിലയിലുള്ള മാറ്റമെന്ത് ?

(A) 10% ലാഭം (B) 10% നഷ്ടം (C) 1% ലാഭം (D) 1% നഷ്ടം

66. $2^n=256$ ആയാൽ $2^{n^2}$ = എത്ര ?

(A) 1024 (B) 512 (C) 128 (D) 64

67. അമ്മു ₹ 5000 12% നിരക്കിൽ അർദ്ധവാർഷികമായി കൂട്ടുപലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ നിക്ഷേപിച്ചു ഒരു വർഷം കഴിഞ്ഞാൽ എത്ര രൂപ തിരികെ ലഭിക്കും?

(A) ₹ 5600 (B) ₹ 5618 (C) ₹ 6200 (D) ₹ 6272

68. 5 സെന്റിമീറ്റർ നീളവും 4 സെന്റിമീറ്റർ വീതിയും ഉള്ള ചതുരത്തിന്റെ പരപ്പളവിനോട് തുല്യപരപ്പളവുള്ള ഒരു സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം ആകാൻ സാധ്യതയുള്ളത് ഏത്?

(A) $\sqrt{5}$ (B) $\sqrt{4}$ (C) 20 (D) $\sqrt{20}$

69. ഇപ്പോൾ അച്ഛന്റേയും മകന്റേയും വയസ്സുകൾ തമ്മിലുള്ള അംശബന്ധം 7:2 ആണ്. 15 വർഷങ്ങൾക്ക് ശേഷം പുതിയ അംശബന്ധം 2:1 എന്നാകും എങ്കിൽ അച്ഛന്റെ ഇപ്പോഴത്തെ വയസ്സ് എത്ര ?

(A) 30 (B) 32 (C) 35 (D) 40

70. ഒരു കാർ മണിക്കൂറിൽ 72 കി.മീ. വേഗതയിൽ സഞ്ചരിക്കുന്നു എങ്കിൽ 15 മിനിറ്റു കൊണ്ട് എത്ര മീറ്റർ സഞ്ചരിക്കും ?

(A) 16000 (B) 180 (C) 18000 (D) 12000

71. വേറിട്ടത് ഏത് ?

(A) വൃത്തം (B) സമചതുരം (C) ത്രികോണം (D) ലംബകം

72. 51 കുട്ടികളുള്ള ഒരു ക്ലാസ്സിലെ 21 -ാം റാങ്കുകാരനാണ് രവി എങ്കിൽ പിന്നിൽ നിന്ന് എത്രാമത്തെ സ്ഥാനത്താണ് രവി ?

(A) 30 (B) 22 (C) 31 (D) 29

73. SCHOOL എന്നത് OYDKKH എന്ന രഹസ്യകോഡ് നൽകിയാൽ STUDENT എന്നതിന്റെ കോഡ് എന്ത് ?

(A) OPQZAJT (B) OPQZAJP (C) OPQYZKP (D) OPQZAIP

74. സമാനബന്ധം കാണുക.

Sports : Cricket : : Mathematics : ________.

(A) Geography (B) Geometry (C) Geology (D) Greak

75. സമയം 3.40 വാച്ചിലെ മിനിറ്റു സൂചിക്കും മണിക്കൂർ സൂചിക്കും ഇടയിലുള്ള കോണിന്റെ അളവ് എത്ര ഡിഗ്രിയാണ് ?

(A) 135 (B) 125 (C) 120 (D) 130

76. 2014 ജനുവരി 1 ബുധനാഴ്ച്ച ആയാൽ 2014 -ൽ സ്വാതന്ത്ര്യ ദിനം ഏത് ആഴ്ചയായിരിക്കും ?

(A) ശനിയാഴ്ച്ച (B) വെള്ളിയാഴ്ച്ച (C) ബുധനാഴ്ച്ച (D) വ്യാഴാഴ്ച്ച

77. A,B -യുടെ മകളാണ്. B, C -യുടെ അമ്മയും D, C -യുടെ സഹോദരനും ആകുന്നു എങ്കിൽ D -യ്ക്ക് A -യുമായുള്ള ബന്ധം എന്ത് ?

(A) അപ്പൂപ്പൻ (B) മകൻ (C) സഹോദരൻ (D) അച്ഛൻ

78. ശ്രേണിയിലെ അടുത്തസംഖ്യ ഏത് ?

1, 2, 6, 15, 31, ________

(A) 63 (B) 62 (C) 60 (D) 56

79. ക്ലോക്കിന്റെ പ്രതിബിംബം ഒരു കണ്ണാടിയിലൂടെ നോക്കുമ്പോൾ സമയം 12.20 ആണ്. എങ്കിൽ യഥാർത്ഥ സമയം എത്ര ?

(A) 9.40 (B) 11.40 (C) 11.50 (D) 9.50

80. ഒരാൾ 20 മീറ്റർ കിഴക്കോട്ട് സഞ്ചരിച്ചശേഷം ഇടത്തോട്ട് തിരിഞ്ഞ് 15 മീറ്റർ സഞ്ചരിക്കുന്നു. അതിനുശേഷം വലത്തോക്ക് തിരിഞ്ഞ് 25 മീറ്റർ സഞ്ചരിക്കുന്നു. വീണ്ടും വലത്തോക്ക് തിരിഞ്ഞ് 15 മീറ്റർ സഞ്ചരിക്കുന്നു. എങ്കിൽ അയാൾ യാത്ര തുടങ്ങിയ സ്ഥലത്തുനിന്ന് എത്ര അകലത്തിലാണ് ഇപ്പോൾ നിൽക്കുന്നത് ?

(A) 45 (B) 40 (C) 35 (D) 5

81. I looked __________ in the mirror.

(A) at me (B) me (C) at myself (D) myself

82. "You yet may spy the fawn at play
The hare upon the green.
But the sweet face of Lucy Gray
Will never more be seen."

The rhyme scheme followed in the above stanza is __________.

(A) abab (B) aabb (C) aaba (D) abcb

83. Would you mind __________ reading aloud ?

(A) I (B) me (C) my (D) myself

84. Gustatory image is used in a poem to explain what you __________.

(A) see (B) smell (C) touch (D) taste

85. He gets up early everyday __________ Sunday.

(A) exempt (B) except (C) accept (D) expect

86. Which of the following means "understand" ?

(A) make out (B) turn out (C) put out (D) get out

87. The tea is __________.

(A) enough hot (B) hot much (C) much hot (D) hot enough

88. I look forward __________ from you.

(A) for hearing (B) for hear (C) to hearing (D) by hearing

89. George gave you a cheque, __________ ?

(A) didn't he (B) doesn't he (C) did he (D) does he

90. __________ we change our life styles, climate change will destroy the life on earth.

(A) If (B) Either (C) Though (D) Unless

91. There is not even ________ thing in the shop that I want.

(A) single (B) a single (C) one single (D) the single

92. If I knew his name, I ________ tell you.

(A) would (B) should (C) will (D) shall

93. It has been raining ________ two days.

(A) since (B) after (C) from (D) for

94. The feminine gender for "host" is ________.

(A) Guest (B) Waitress (C) Hostess (D) Guestess

95. This is the place ________ they meet everyday.

(A) why (B) where (C) that (D) who

96. She didn't see ________.

(A) nothing (B) something (C) a thing (D) any thing

97. Rani as well as her friends ________ won a prize.

(A) has (B) have (C) having (D) have been

98. Are you afraid ________ spiders ?

(A) with (B) about (C) at (D) of

99. Plural form of "leaf" is ________.

(A) leave (B) left (C) leaves (D) leafs

100. The young one of "Camel" is called ________.

(A) pup (B) calf (C) cub (D) infant

- o 0 o -